(ഇ) ജനറൽ കാറ്റഗറിയിൽ കണക്ഷൻ നൽകുന്നതിനുള്ള ചെലവ് വൈദ്യുതി ബോർഡാണ് വഹിക്കുന്നത്. ഒ. വൈ. ഇ. സി. സ്കീമിൽ ചേരുന്നതിന് അപേക്ഷിച്ചിട്ടില്ല.

(എഫ്, ജി) ശ്രീ. ശശികുമാറിനുള്ള കണക്ഷൻ നോർമൽ കാറ്റഗറി മുൻഗണനാ ക്രമമനുസരിച്ച് 282-ാമത്തേതാണ്. സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമമനുസരിച്ചും കണക്ഷൻ നൽകുന്നതാണ്.

നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള വൈദ്യുതി മോഷണ കേസുകൾ

88 [5339] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) പ്രസക്തമല്ല.

മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്ത നടപടി

89 [5341] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിലെ വള്ളിക്കുന്നം പഞ്ചായത്തിൽ മൂന്നുവർഷംമുമ്പ് നിർമ്മിച്ച മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ താൽപര്യപ്രകാരം പുറംപോക്ക് സ്ഥലം ഉണ്ടായിട്ടും ഒരു വ്യക്തിയുടെ വസ്തുവിൽ അസൗകര്യമായ രീതിയിൽ ഈ ലൈനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചത് സംബന്ധിച്ച് എന്തെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ;

(ഡി) ഈ ഇൻറർ ലിങ്കിംഗ് ലൈനിൽ സ്ഥാപിച്ച ട്രാസ്ഫോർമർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുവാനും ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത ലൈനിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ളത് തൽസ്ഥാനത്തുനിന്നും മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സനൽകുമാരി എന്ന ആൾ തടസവാദമുന്നയിച്ചിട്ടുള്ളത് നിയമപ്രകാരം നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ നടന്നുവരുന്നതിനാലാണ് ലൈൻ ചാർജ് ചെയ്യുന്നതിന് തടസം നേരിടുന്നത്.

(ബി) വിജിലൻസ് കേസ് നിലവിലില്ല.

(സി) ബാധകമല്ല.

(ഡി) ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്ന തടസവാദം നീക്കികിട്ടാനായി ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് പെറ്റീഷൻ നൽകിയിരിക്കുകയാണ്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ തീരുമാനത്തെ ആസ്പദമാക്കിയാണ് മേൽ നടപടികൾ സ്വീകരിക്കുക.

റോഡ് വെട്ടിമുറിച്ചവകയിൽ വൈദ്യുതി ബോർഡ് കോഴിക്കോട് കോർപ്പറേഷന് നൽകിയ തുക

90 [5343] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പ്രദേശത്ത് വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് വെട്ടിമുറിച്ചവകയിൽ എത്ര രൂപ വൈദ്യുതി ബോർഡ് കോഴിക്കോട് കോർപ്പറേഷന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കോർപ്പറേഷൻ റോഡിലൂടെയാണ് കേബിൾ ഇട്ടിരിക്കുന്നത്;

(സി) ഓരോ റോഡിനും റോഡ് റിപ്പയർ ചെയ്യാൻ കോർപ്പറേഷന് നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷന് തുകയൊന്നും നൽകിയിട്ടില്ല.

(ബി) അശോകപുരം റോഡ്, ചുള്ളിയോട് റോഡ്, ഫ്രാൻസിസ് റോഡ്.

(സി) തുക നൽകിയിട്ടില്ല. അശോകപുരം റോഡ്, ചുള്ളിയോട് റോഡ്, എന്നീ രണ്ട് റോഡുകൾക്കായി 6,86,433 രൂപ നൽകാനുണ്ട്. ഫ്രാൻസിസ് റോഡിന്റെ തുക കോർപ്പറേഷനിൽനിന്ന് അറിയിച്ചിട്ടില്ല.

കൃഷ്ണപുരം സെക്ഷാനാഫീസിന് ലഭിക്കാനുള്ള കുടിശ്ശിക

91 [5344] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ അധീനതയിലുള്ള കൃഷ്ണപുരം സെക്ഷനാഫീസ് ഡിസ്മാന്റിൽ ചെയ്ത കൺസ്യൂമർ നമ്പർ സി-2904 എന്ന വൈദ്യുതി സെക്ഷനിൽനിന്നും കുടിശ്ശികയായി എന്ത് തുക വൈദ്യുതി ബോർഡിന് ലഭിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly